I/5166632/2022

## 21.12.2021 ൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ വച്ച് നടന്ന ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 9-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ ഒൻപതാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 21.12.2021 രാവിലെ 11 മണിക്ക് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു

ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി, യോഗത്തിൽ പങ്കെടുക്കുന്നവരെ സ്വാഗതം ചെയ്തു. എട്ടാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ അവതരിപ്പിക്കുകയും കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് മുൻ യോഗതീരുമാനങ്ങൾ പ്രകാരം കൈക്കൊണ്ട തുടർനടപടികൾ വകുപ്പ് ഡയറക്ടർ വിശദീകരിക്കുകയുണ്ടായി.

- ഇ.എസ്.ഐ ഗുണഭോക്താക്കൾക്കുള്ള മെച്ചപ്പെട്ട ചികിത്സാ സൗകര്യം നൽകുന്നതിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഉള്ള ഹോസ്പിറ്റലുകളിൽ Defibrillator with Cardiac Monitor പോലുള്ള Cardiology ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായി ഡയറക്ടർ അറിയിച്ചു.

- മതിയായ ഒ.പി സ്റ്റാറ്റസ് ഇല്ലാത്ത ഡിസ്പെൻസറികളുടെ ലയനം സംബന്ധിച്ച് സർക്കാർ പരിഗണനയിലുള്ള വിഷയം പുനഃപരിശോധിച്ച്, അവ മാറ്റി സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സാധ്യതകൾ പരിശോധിക്കാമെന്ന് ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി അറിയിച്ചു

- ഒളരിക്കര, ആലപ്പുഴ, വടവാതൂർ എന്നീ ഇ.എസ്.ഐ ആശുപത്രികളുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ വർക്ക്, മറ്റ് നവീകരണ പ്രവർത്തനങ്ങൾ എന്നിവ 2021-22 വർഷത്തെ Annual Repair & Maintenance Work-ൽ ഉൾപ്പെടുത്തി, പൂർത്തീകരിച്ച് വരുന്നതായി അറിയിച്ചു.

- വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിലെ ഗ്യാസ്ട്രോഎൻട്രോളജി സൂപ്പർ സ്പെഷ്യലിസ്റ്റിനെ പാലക്കാട് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയതിനാൽ വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ പുതിയ ഗ്യാസ്ട്രോ ഉപകരണങ്ങൾ വാങ്ങുന്നത്, ടി സൂപ്പർ സ്പെഷ്യലിസ്റ്റ് വടവാതൂർ ആശുപത്രിയിൽ

ലഭ്യമാകുമ്പോൾ പരിഗണിക്കാവുന്നതാണെന്ന് യോഗം തീരുമാനമെടുത്തു.

**യോഗ തീരുമാനങ്ങൾ**

(1)(a) ഇ.എസ്.ഐ ആശുപത്രികളിൽ ഐ.സി.യൂണിറ്റുകളുടെ പണി പൂർത്തിയായി വരുന്നെന്നും ആയതിലേയ്ക്ക് വേണ്ട ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് ശുപാർശ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ ഐ.സി.യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂവെന്നും ഡയറക്ടർ അറിയിച്ചു. നിലവിൽ ആവശ്യപ്പെട്ടിരിക്കുന്ന സ്റ്റാഫുകളുടെ എണ്ണം വളരെ കൂടുതലാണെന്നും, ഇ.എസ്.ഐ കോർപ്പറേഷൻ മാനദണ്ഡങ്ങൾ കൂടി കണക്കിലെടുത്ത് പുതുക്കിയ ശുപാർശ സമർപ്പിക്കുവാൻ യോഗം തീരുമാനിച്ചു. Improvement of Services-ന്റെ വിശദമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിരുന്നെങ്കിൽ നന്നായേനെയെന്ന് യോഗം അഭിപ്രായപ്പെട്ടു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് )**

(b ) നിലവിലുള്ള സിംഗിൾ ഡോക്ടർ ടൈപ്പ് ഡിസ്പെൻസറികളെല്ലാം ഡബിൾ ഡോക്ടർ ടൈപ്പ് ഡിസ്പെൻസറികളാക്കാൻ നടപടിയുണ്ടാവണമെന്നും ഇപ്പോഴും 1985-ലെ സ്റ്റാഫ് പാറ്റേണാണ് തുടരുന്നതെന്നും ശ്രീ.വി.രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. ഇ.എസ്.ഐ കോർപ്പറേഷൻ നിർദ്ദേശിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലും ഉണ്ടാകണമെന്ന് യോഗം നിർദ്ദേശിച്ചു. ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ശുപാർശ സമർപ്പിക്കുവാനും യോഗം തീരുമാനിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

(c) പല ഇ.എസ്.ഐ ആശുപത്രികളിലും ഐ.സി.യു ചികിത്സയ്ക്കായി ഉപകരണങ്ങൾ വാങ്ങിയിട്ടും അത് ആവശ്യത്തിന് ജീവനക്കാരില്ലാത്തത് മൂലം ഉപയോഗിക്കാനാകാതെ കിടക്കുകയാണെന്ന് യോഗം നിരീക്ഷിച്ചു **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

(d ) സ്റ്റാഫുകളുടെ തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടി, നിലവിൽ സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന ശുപാർശകളിലും, infrastructure പൂർത്തിയായ പ്രോജക്ടുകൾ പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ഏറ്റവും കുറവ് ജീവനക്കാരെ ഉൾപ്പെടുത്തിയ ശുപാർശ സർക്കാരിൽ സമർ പ്പിക്കുവാൻ യോഗം തീരുമാനമെടുത്തു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

( e ) ജീവനക്കാർക്ക് പരിശീലനം നൽകാൻ ശുപാർശ സമർപ്പിച്ചാൽ ആയതിന് ഐ.എം.ജി പോലുള്ള സെന്ററുകളിൽ പരിശീലനം നൽകാൻ തയ്യാറാണെന്ന് ലേബർ സെക്രട്ടറി അറിയിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

(f) ഇ.എസ്.ഐ ആശുപത്രികൾ ക്ലീനിംഗ് സ്റ്റാഫുകളെ ഉപയോഗിച്ച് വൃത്തിയായി സൂക്ഷിക്കുന്നതിന്

നടപടി ഉണ്ടാകണമെന്ന് യോഗം അഭിപ്രായപ്പെട്ടു. (നടപടി - ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)

(2) **Re-deployment of Staff**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി സമർപ്പിച്ച താഴെപ്പറയുന്ന തസ്തികകളുടെ പുനർവിന്യാസം യോഗം അംഗീകരിക്കുകയും സർക്കാർതലത്തിൽ അനുമതി ലഭ്യമാക്കുന്നതിന് ശുപാർശ സമർപ്പിക്കുവാനും തീരുമാനിച്ചു.

| Sl No | Name/Category of Post | No. of Posts | Name of Institution from which the Post is to be shifted | Name of Institution to which the Post is to be shifted | Remarks |
|---|---|---|---|---|---|
| 1 | Assistant Insurance Medical Officer | 1 | **ESI Dispensary, Puthoor (District-Kollam)** | **ESI Dispensary, Chavara (Kollam District)** | No. of posts in Chavara will increase to 3 while that in Puthoor will come down to 4 |
| 2 | Assistant Insurance Medical Officer | 1 | **ESI Dispensary, Thrikkovilvattom (District- Kollam)** | **ESI Dispensary, Attingal (Trivandrum District)** | No. of posts in **Attingal** will increase to 2 while that in **Thrikkovilvattom** will come down to 4 |
| 3 | Assistant Insurance Medical Officer | 1 | **ESI Dispensary, Puthiyara (District-Kozhikode)** | **ESI Dispensary, Kainatty (District-Kozhikode)** | No. of posts in **Kainatty** will increase to 2 while that in **Puthiyara** will come down to 1 |
| 4 | Clerk/Senior Clerk | 1 | **ESI Dispensary, Valapattanam (District- Kannur)** | **ESI Hospital Thottada (District-Kannur)** | No. of posts in **Thottada** will increase to 4 while that in **Valapattanam** will come down to 1 |
| 5 | Pharmacist Gr I/ GrII | 1 | **ESI Dispensary, Mynagappally (District- Kollam)** | **ESI Dispensary, Chavara (Kollam District)** | No. of posts in Chavara will increase to 2 while that in **Mynagappally** will come down to 3 |
| 6 | Pharmacist Gr I/ | 1 | **ESI Dispensary, Ramankulangara (District- Kollam)** | **ESI Dispensary, Kottiyam (Kollam District)** | No. of posts in **Kottiyam** will increase to 4 while that in **Ramankulangara** will come |

| | | | | | |
|---|---|---|---|---|---|
| | GrII | | | | down to 3 |
| 7 | Pharmacist Gr I/ GrII | 1 | **ESI Dispensary, Anchal (Kollam District)** | **ESI Dispensary, Kazhakoottam (District- Trivandrum)** | No. of posts in **Kazhakoottam** will increase to 2 while that in **Anchal** will come down to 3 |
| 8 | Pharmacist Gr I/ GrII | 1 | **ESI Dispensary, Muvattupuzha (District- Ernakulam)** | **ESI Dispensary, Kalamassery (District- Ernakulam)** | **ESI Dispensary Kalamassery** should work in two shifts through this deployment. No. of posts in **Kalamassery** will increase to 2 while that in **Muvattupuzha** will come down to 1 |
| 9 | Pharmacist Gr I/ GrII | 1 | **ESI Dispensary, Cheruvannur-1 (District- Kozhikode)** | **ESI Dispensary, Kainatty (District- Kozhikode)** | No. of posts in **Kainatty** will increase to 2 while that in **Cheruvannur-1** will come down to 3 |
| 10 | Staff Nurse GrI/GrII | 1 | **ESI Dispensary, Asramam (District- Kollam** | **ESI Hospital Vadavathoor (District- Kottayam)** | No. of posts in **ESI Hospital Vadavathoor** will increase to 14 while that in **Asramam** will come down to 1. **This will help the proper functioining of new IC unit in ESI Hospital Vadavathoor.** |
| 11 | Auxilary Nurse Midwife | 1 | **ESI Dispensary, Thrikkovilvattom (District- Kollam)** | **ESI Dispensary, Chavara (Kollam District)** | No. of posts in **Chavara** will increase to 1 while that in **Thrikkovilvattom** will come down to 1 |
| 12 | Auxilary Nurse Midwife | 1 | **ESI Dispensary, Kottiyam (District- Kollam)** | **ESI Dispensary, Poruvazhy (District- Kollam)** | No. of posts in **Poruvazhy** will increase to 2 while that in **Kottiyam** will come down to 2 |
| 13 | Auxilary Nurse Midwife | 1 | **ESI Dispensary, Mukkam (District- Kozhikode)** | **ESI Dispensary, Kunnathupalam (District- Kozhikode)** | No. of posts in **Kunnathupalam** will increase to 1 while that in **Mukkam** will come down to Nil |
| | | | **ESI Dispensary, Sadanandapuram** | **ESI Dispensary, Chavara (District-** | No. of posts in **Chavara** will increase to 2 while that in |